പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 94** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വിനോദസഞ്ചാരികളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പ്രാധാന്യമുള്ള ഇരുപത് സ്ഥലങ്ങളിലായി 30 HC മാരെയും 150 പോലീസ് കോൺസ്റ്റബിൾമാരുടേയും സേവനം ലഭിക്കുന്നുണ്ട്.

**(ബി)** ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ ശക്തിപ്പെടുത്താൻ പുതിയ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വനിതാ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ടൂറിസം കേന്ദ്രങ്ങളിൽ നിലവിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം കേന്ദ്രങ്ങളിലെ സാഹചര്യങ്ങൾക്കനുസൃതമായി സുരക്ഷ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഗണിച്ചുകൊണ്ടാണ് പദ്ധതി ഘടകങ്ങൾ നിശ്ചയിക്കുന്നത്. സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്ട്രീറ്റ് ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ എന്നിവ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

വിനോദസഞ്ചാരികൾക്കിടയിൽ സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി ആവശ്യമായ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, രാത്രിയിലും വ്യക്തമായി കാണാവുന്ന തരത്തിലുള്ള ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ, വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷി, വയോജന സൗഹൃദവും സ്ത്രീ സൗഹൃദവുമാക്കുന്ന തരത്തിലാണ് പദ്ധതികളുടെ ഘടനകൾ വിഭാവനം ചെയ്യുന്നത്.

**(സി)** ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**